(ഡി) സ്ഥാപനത്തിൽ ആകെയുള്ള 17 ജീവനക്കാരിൽ നിലവിൽ 6 പേർ സ്ഥിരം ജീവനക്കാരാണ്. 11 പേർ ദിവസവേതനം, കരാർ വ്യവസ്ഥകളിൽ ജോലി ചെയ്തുവരുന്നു. സ്ഥിരം നിയമനത്തിനായി നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. പി.ടി.എ.യിൽ നിന്ന് ലഭിച്ച നിവേദനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**എസ്.സി., ഒ.ഇ.സി. വിദ്യാർത്ഥികൾ പഠിച്ചിരുന്ന സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഗ്രാന്റ്**

**228 (6933)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. സി., ഒ. ഇ. സി. വിദ്യാർത്ഥികൾ മെറിറ്റ് റിസ്സിൽ പ്രവേശനംനേടി പഠനം പൂർത്തിയാക്കിയശേഷം, അവർ പഠിച്ചിരുന്ന സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) 2010 മുതൽ ഇങ്ങനെ അനുവദിച്ചിട്ടുള്ള സംഖ്യയും സ്ഥാപനങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദ്യാർത്ഥികൾ പഠനത്തിനായി സ്ഥാപനത്തിൽ ചേരുന്ന മുറയ്ക്ക് വിദ്യാഭ്യാസാനുകൂല്യത്തിനായി രണ്ടു മാസത്തിനകം സമർപ്പിക്കുന്ന fresh, renewal അപേക്ഷകളിന്മേൽ അർഹത പരിശോധിച്ച് ആനുകൂല്യം അനുവദിക്കുകയാണ് ചെയ്യുന്നത്. സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കാറില്ല.

(ബി) ബാധകമല്ല.

**ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ഗ്രാന്റ്**

**229 (6934)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജിൽ മെറിറ്റ് സീറ്റിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ഗ്രാന്റ് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ 2013-14 വർഷത്തിൽ എത്ര കുട്ടികൾക്കാണ് ഗ്രാന്റ് നൽകിയിട്ടുള്ളതെന്നും ഏതെല്ലാം കോളേജുകളിലാണ് ഈ വിദ്യാർത്ഥികൾ പഠിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.



LIBRARY ARCHIVES Kerala Legislative Assembly